പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 6781 | 10.07.2014- ൽ മറുപടിക്ക് |

## അനലിറ്റിക്കൽ ലാബുകളിൽ ഭക്ഷ്യസാമ്പിളുകളുടെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഭക്ഷ്യസാമ്പിളുകൾ അനലിറ്റിക്കൽ ലാബിൽ ശരിയായ വിധത്തിൽ പരിശോധിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെ തുടർന്ന് കോഴിക്കോട് അനലറ്റിക്കൽ ലാബിലെ ഒരു ഗവൺമെന്റ് അനലിസ്റ്റിനെയും ഒരു ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റിനെയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിരുന്നു. കൂടാതെ തിരുനന്തപുരം അനലറ്റിക്കൽ ലാബിൽ നിന്ന് ലഭ്യമായ റിസൾട്ടിൽ സംശയകരമായ ചില റിപ്പോർട്ടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അപ്പലേറ്റ് ലാബിൽ നടത്തിയ പരിശോധനയിൽ സംശയം ശരിയാണെന്ന് ബോധ്യപ്പെടുകയും പ്രസ്തുത സാഹചര്യത്തിൽ ബന്ധപ്പെട്ടവരിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ലഭിച്ചിട്ടുണ്ടോ; | ബി) | ലഭിച്ചിട്ടില്ല |
| സി) | എങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**